ഡിസംബർ 2021

Atal Mission for Rejuvenation and Urban Transformation

അമൃത്
വാർത്താ പത്രിക

ലക്കം 8

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ കൂടിയ അമൃത് 2.0 ആലോചനായോഗം

ഭുവനേശ്വർ സന്ദർശനത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി ശാരദാ മുരളീധരൻ വൃക്ഷത്തൈ നടുന്നു

അമൃത് വാർത്താ പത്രിക

ഡിസംബർ 2021 | പുസ്തകം 1 | ലക്കം 8

തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ

ചീഫ് എഡിറ്റർ
ഡോ.രേണു രാജ് ഐ.എ.എസ്
മിഷൻ ഡയറക്ടർ

എഡിറ്റർ
എ.എൽ. ചാൾസ്
ഡെപ്യൂട്ടി മിഷൻ ഡയറക്ടർ

അസിസ്റ്റന്റ് എഡിറ്റർ
സാവിയോ സജി ഇ.ആർ.

സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (അമൃത്)
നാലാം നില, മീനാക്ഷിപ്ലാസാ,
ആർടെക് ബിൽഡിംഗ്,
ഗവ. ആശുപത്രിക്ക് എതിർവശം,
തൈയ്ക്കാട്, തിരുവനന്തപുരം - 695014
ഫോൺ നം. : +91-471-2323856,
ഫാക്സ് : +91-471-2322857
വെബ്സൈറ്റ് : www.amrutkerala.org
ഇമെയിൽ : smmukerala@gmail.com

(സ്വകാര്യ വിതരണത്തിന് മാത്രം)

എഡിറ്റോറിയൽ

അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 2357.69 കോടി രൂപയുടെ 1002 പദ്ധതികളാണ് നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. 583.13 കോടി രൂപയുടെ 752 പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചു. പദ്ധതിയ്ക്കായി 1252.79 കോടി രൂപ ചെലവഴിച്ചു. ശേഷിക്കുന്ന പദ്ധതികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. കേന്ദ്ര സർക്കാർ പദ്ധതി കാലാവധി 2023 മാർച്ച് 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പദ്ധതികൾക്ക് 2023 മാർച്ച് 31 വരെ മാത്രമെ കേന്ദ്ര സഹായം ലഭ്യമാകൂ. അതിനാൽ പദ്ധതി കാലയളവിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതാണ്. അല്ലെങ്കിൽ പദ്ധതി സംബന്ധിച്ച സാമ്പത്തിക ബാധ്യത പൂർണ്ണമായും അതാത് തദ്ദേശ സ്ഥാപനങ്ങൾക്കായിരിക്കും.

കേരളത്തിലെ 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും കുടിവെള്ളം വീട്ടിലെത്തിക്കുക, അമൃത് 1.0 ൽ ഉൾപ്പെട്ട നഗരങ്ങളിൽ കുടിവെള്ളവും ദ്രവമാലിന്യ സംസ്കരണവും ഉറപ്പ് വരുത്തുക, ജലാശയങ്ങൾ പുനരുജ്ജീവിപ്പിക്കുക, പാർക്കുകൾ തുടങ്ങിയ പദ്ധതികളാണ് അമൃത് 2.0 ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അമൃത് 2.0 പദ്ധതിയുടെ കാലാവധി 2021 മുതൽ 2026 വരെയാണ്. കുടിവെള്ളത്തിന് 55%, ദ്രവമാലിന്യം 40%, ജലാശയങ്ങളുടെ പുനുജ്ജീവനം 4%, പാർക്കുകൾ 1% എന്നീ അനുപാതത്തിലാണ് പദ്ധതികൾക്കായി തുക നീക്കിവെച്ചിരിക്കുന്നത്. 2011 ലെ സെൻസസ് പ്രകാരം ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരസഭകൾക്ക് 50% കേന്ദ്ര വിഹിതവും, ഒരു ലക്ഷം മുതൽ 10 ലക്ഷം വരെ ജനസംഖ്യയുള്ള നഗരസഭകൾക്ക് മൂന്നിലൊന്ന് കേന്ദ്രസഹായവും ലഭിക്കും.

ഉപഭോഗത്തിന്റെ 20% ജലം പുനരുപയോഗിക്കേണ്ടതും, ഭൂനികുതിയും, ഉപഭോക്തൃ ചാർജ്ജുകളും പരിഷ്ക്കരിക്കേണ്ടതും പദ്ധതിയോടനുബന്ധിച്ച് നടപ്പാക്കേണ്ടതായ പരിഷ്ക്കരണ നടപടികളാണ്.

അമൃത് പദ്ധതിയുടെ പൂർത്തീകരണവും അമൃത് 2.0 പദ്ധതിയുടെ ആരംഭവും അടിയന്തിര സ്വഭാവത്തോടെ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളാണ്. സമയബന്ധിതമായി കാര്യക്ഷമതയോടെയും കൃത്യതയോടെയും പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ എല്ലാവരും ഒത്തൊരുമയോടെ പ്രവർത്തിക്കേണ്ടതുണ്ട്. പുതു വർഷത്തിൽ അമൃത് പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രാപ്തി കൈവരിക്കുമെന്ന പ്രത്യാശയോടെ ഏവർക്കും നവ വർഷത്തിന്റെ എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

മിഷൻ ഡയറക്ടർ

അക്കൗണ്ട്സ് മോണിറ്ററിംഗിന്റെ ഭാഗമായി സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് അക്കൗണ്ട് വിഭാഗം നഗരങ്ങളിൽ നടത്തിയ സന്ദർശനം

ആലപ്പുഴ നഗരസഭ

തിരുവനന്തപുരം നഗരസഭ

കൊച്ചി നഗരസഭ

അമൃത് വാർത്താ പത്രിക

ഡിസംബർ 2021

ഉള്ളടക്കം

5 2022-23 വാർഷിക പദ്ധതി രൂപീകരണം

6 അമൃത് 2.0 ആലോചനാ യോഗ റിപ്പോർട്ട്

7 AWSSAR Launching Report

9 SMART CITY EXPO WORLD CONGRESS 2021—Experiences and Learnings

13 പ്രകൃതി ദത്ത ദ്രവമാലിന്യ സംസ്കരണ രീതികൾ

16 വാർഷിക അക്കൗണ്ട്സ് മോണിറ്ററിംഗ് സന്ദർശനം 2021-22

17 അമൃത് 2.0

20 പോപ്പ് നഗർ കോളനി ദ്രവ മാലിന്യ സംസ്കരണം

21 റാണി തോട് നവീകരണം

22 നിള പാർക്ക്

23 ചേലോറ പാർക്ക്

24 TULIP അനുഭവക്കുറിപ്പുകൾ

അക്കൗണ്ട്സ് മോണിറ്ററിംഗിന്റെ ഭാഗമായി സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് അക്കൗണ്ട് വിഭാഗം നഗരങ്ങളിൽ നടത്തിയ സന്ദർശനം

കണ്ണൂർ നഗരസഭ

കൊല്ലം നഗരസഭ

ആലപ്പുഴ നഗരസഭ

2022-23 വാർഷിക പദ്ധതി രൂപീകരണം

ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രി ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ ചർച്ച നടത്തി

2022-23 സാമ്പത്തിക വർഷത്തെ തദ്ദേശ സ്വയം ഭരണ - പഞ്ചായത്ത്, മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും, ഗ്രാമ വികസനം, നഗര വികസനം, കില തുടങ്ങിയ വകുപ്പുകളുടെ വാർഷിക പദ്ധതി രൂപീകരണ ചർച്ച 2021 ഡിസംബർ 2 -ാം തീയതി രാവിലെ 9.30 മുതൽ സംസ്ഥാന ആസൂത്രണ ബോർഡ്, സമൃദ്ധി കോൺഫറൻസ് ഹാളിൽ വച്ച് നടന്നു. ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രി ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ പ്രൊഫസർ വി.കെ. രാമചന്ദ്രനും യോഗത്തിൽ സംബന്ധിച്ചിരുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ നടത്താനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ചും നിലവിലെ വാർഷിക പദ്ധതിയെപ്പറ്റിയും യോഗം ചർച്ച ചെയ്തു. പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുന്നത് സംബന്ധിച്ചും പദ്ധതികളുടെ തിരഞ്ഞെടുപ്പ് സംബന്ധിച്ച മുൻഗണനകളും യോഗം വിലയിരുത്തി.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി ശാരദ മുരളീധരൻ ഐ.എ.എസ്., തദ്ദേശ സ്വയംഭരണ വകുപ്പ് അർബൻ സെക്രട്ടറി ശ്രീ. ബിജു പ്രഭാകർ ഐ.എ.എസ്., ഏകോപിത തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും ഗ്രാമ വികസന കമ്മീഷണറുമായ ശ്രീ. ബാലമുരളി ഡി. ഐ.എ.എസ്., പഞ്ചായത്ത് വകുപ്പ് ഡയറക്ടർ ശ്രീ. എച്ച്. ദിനേശൻ ഐ.എ.എസ്., നഗരകാര്യ വകുപ്പ് ഡയറക്ടറും അമൃത് മിഷൻ ഡയറക്ടറുമായ ഡോ. രേണു രാജ് ഐ.എ.എസ്., തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം ചീഫ് എഞ്ചിനീയർ ശ്രീ. ജോൺസൺ കെ., ചീഫ് ടൗൺ പ്ലാനർ, ശ്രീ. പ്രമോദ് കുമാർ സി.പി. തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരും ചർച്ചയിൽ പങ്കെടുത്തു.

അമൃത് 2.0 ആലോചനാ യോഗം

ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രി ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ നടത്തി

ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതിയിൽ അമൃത് 2.0 പദ്ധതി ആരംഭിക്കുന്നതിന് മുന്നോടിയായി ആലോചനാ യോഗം നടന്നു. അമൃത് പദ്ധതികളെക്കുറിച്ചുള്ള സംക്ഷിപ്ത വിവരവും നിലവിലെ സ്ഥിതിയും മിഷൻ ഡയറക്ടർ ഡോ. രേണുരാജ് ഐ.എ.എസ്.യോഗത്തിൽ വിശദീകരിച്ചു.

കരാർ നൽകാത്ത പദ്ധതികളും പദ്ധതി നിർവ്വഹണ ഘട്ടത്തിൽ തടസ്സം വന്ന പദ്ധതികളും അതീവ ഗൗരവത്തോടെ വീക്ഷിക്കണമെന്നും അവയുടെ പുരോഗതിക്ക് ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നും തുടർച്ചയായ ഇടപെടലുകളിലൂടെ മാത്രമെ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂവെന്നും ബഹുമാനപ്പെട്ട മന്ത്രി അഭിപ്രായപ്പെട്ടു. അമൃത് 2.0 യുടെ മാർഗ്ഗ രേഖ ബഹു. മന്ത്രിയ്ക്ക് നൽകി.

അമൃത് 2.0 പദ്ധതിയുടെ കാലാവധി 2021 സാമ്പത്തിക വർഷം മുതൽ 2026 സാമ്പത്തിക വർഷം വരെയാണ്. അമൃത് 1 ൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 2023 മാർച്ച് 31 വരെ മാത്രമെ ധനസഹായം ലഭിക്കുകയുള്ളൂ.

കേരളത്തിലെ 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും കുടിവെള്ളം വീട്ടിലെത്തിക്കുക, അമൃത് 1 ൽ ഉൾപ്പെട്ട നഗരങ്ങളിൽ കുടിവെള്ളവും, ദ്രവമാലിന്യ സംസ്കരണവും ഉറപ്പ് വരുത്തുക, ജലാശയങ്ങൾ പുനരുജ്ജീവിപ്പിക്കുക തുടങ്ങിയ പദ്ധതികളാണ് അമൃത് 2.0 ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2.77 ലക്ഷം കോടി രൂപയാണ് പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നത്. കുടിവെള്ളത്തിന് 55%, ദ്രവമാലിന്യം 40%, ജലാശയങ്ങളുടെ പുനുജ്ജീവനം 4%, പാർക്കുകൾ 1% എന്നീ അനുപാതത്തിലാണ് പദ്ധതികൾക്കായി തുക നീക്കിവെച്ചിരിക്കുന്നത്. 2011 ലെ സെൻസസ് പ്രകാരം ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരസഭകൾക്ക് 50% കേന്ദ്ര വിഹിതവും, ഒരു ലക്ഷം മുതൽ 10 ലക്ഷം വരെ ജനസംഖ്യയുള്ള നഗരസഭകൾക്ക് മുന്നിലൊന്ന് കേന്ദ്ര സഹായവും ലഭിക്കും. അതനുസരിച്ച് സംസ്ഥാനത്തെ 6 കോർപ്പറേഷനുകളും, ആലപ്പുഴ, കോട്ടയം, പാലക്കാട് എന്നിവയൊഴിച്ചുള്ള എല്ലാ നഗരസഭകൾക്കും 50% കേന്ദ്ര സഹായം ലഭിക്കുമെന്ന് മിഷൻ ഡയറക്ടർ അറിയിച്ചു. പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കേന്ദ്ര വിഹിതത്തിന്റെ 20% വും രണ്ടാം ഗഡുവായ 40%, പദ്ധതിയുടെ പുരോഗതിയ്ക്കനുസരിച്ച് 15% വും ശേഷിക്കുന്ന 40% പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചതിനുശേഷവും ലഭിക്കും. ഉപഭോഗത്തിന്റെ 20% ജലം പുനരുപയോഗിക്കേണ്ടതും, ഭൂനികുതിയും, ഉപഭോക്തൃ ചാർജ്ജുകളും പരിഷ്ക്കരിക്കേണ്ടതും പദ്ധതിയോടനുബന്ധിച്ച് നടപ്പാക്കേണ്ടതായ പരിഷ്ക്കരണ നടപടികളാണ്.

അമൃത് 2.0 യുടെ മേൽനോട്ടത്തിനായി എല്ലാ ജില്ലകളിലും ഒരു ടീം ലീഡർ/ കോഡിനേറ്റർ, ഓരോ നഗരസഭയിലും ഒന്നോ, രണ്ടോ സാങ്കേതിക ഉദ്യോഗസ്ഥർ തുടങ്ങിയവരെ ആവശ്യമാണെന്ന് യോഗം വിലയിരുത്തി. ഇതിനാവശ്യമായ തസ്തിക വിന്യാസം തയ്യാറാക്കി അടിയന്തിരമായി കേന്ദ്ര സർക്കാരിനെ അറിയിക്കുവാനും അമൃത് 2.0 പദ്ധതി നിർവ്വഹണം താമസംവിനാ ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുവാനും അദ്ധ്യക്ഷൻ നിർദ്ദേശിച്ചു.

പദ്ധതികൾക്കായി റോഡ് മുറിക്കേണ്ടത് ആവശ്യമാണെങ്കിൽ റോഡിന്റെ പുനർനിർമാണം കൂടി പദ്ധതിരേഖയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും ബഹുമാനപ്പെട്ട മന്ത്രി അഭിപ്രായപ്പെട്ടു.

അമൃത് 2.0 സവിശേഷതകൾ

- കുടിവെള്ളം 55%, ദ്രവമാലിന്യ സംസ്കരണം 40%, ജലാശയങ്ങളുടെ പുനുജ്ജീവനം 4%, പാർക്കുകൾ 1% എന്നീ അനുപാതത്തിലാണ് പദ്ധതികൾക്കായി തുക നീക്കിവെച്ചിരിക്കുന്നത്.
- 2011 ലെ സെൻസസ് പ്രകാരം ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരസഭകൾക്ക് 50% കേന്ദ്ര വിഹിതവും, ഒരു ലക്ഷം മുതൽ 10 ലക്ഷം വരെ ജനസംഖ്യയുള്ള നഗരസഭകൾക്ക് മുന്നിലൊന്ന് കേന്ദ്രസഹായവും ലഭിക്കും.
- പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കേന്ദ്ര വിഹിതത്തിന്റെ 20% വും രണ്ടാം ഗഡുവായ 40%, പദ്ധതിയുടെ പുരോഗതിയ്ക്കനുസരിച്ച് 15% വും ശേഷിക്കുന്ന 40% പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചതിനുശേഷവും ലഭിക്കും.
- ഉപഭോഗത്തിന്റെ 20% ജലം പുനരുപയോഗിക്കേണ്ടതും, ഭൂനികുതിയും, ഉപഭോക്തൃ ചാർജ്ജുകളും പരിഷ്ക്കരിക്കേണ്ടതും പദ്ധതിയോടനുബന്ധിച്ച് നടപ്പാക്കേണ്ടതായ പരിഷ്ക്കരണ നടപടികളാണ്.

AWSSAR LAUNCHED

Ministry of Housing and Urban Affairs (MoHUA), Government of India launched a National level ‘Association of Water Supply and Sanitation Organizations (AWSSAR)’ which will bring together all public sector water supply and sanitation organizations/agencies, parastatal agencies and urban local bodies engaged in service delivery and sewerage/sanitation on a common platform. The event was hosted by Ministry of Housing and Urban Development Department of Odisha at Bhuvaneswar on 27th November 2021.

AWSSAR is envisaged to be a co-creation platform for knowledge sharing between public sector water supply and sanitation organisations, parastatal agencies and ULBs engaged in service delivery of water supply and sanitation.

More than 60 senior officers from several states and UTs participated in the event. Smt. Sarada Muraleedharan IAS, Additional Chief Secretary, Local Self Government Department of Kerala represented Kerala Government in the event.

Secretary, MoHUA will be the President of the Association and Principal Secretary, H&UDD Odisha was unanimously elected as its Vice President-cum-CEO.

Later in the day, all dignitaries from various states also visited Puri where Drink from Tap 24×7 water supply is functional and interacted with the locals and Jal Sathis as part of a learning session to implement in their respective states.



AWSSAR launching ceremony

SMART CITY EXPO WORLD CONGRESS 2021

Experiences and Learnings

Held in Barcelona since 2011, Smart City Expo World Congress (SCEWC) is a leading international event for aspiring cities to showcase their achievements and learn from their peers. The objective of the congress is to empower cities and collectivize urban innovation across the globe. Through promoting social innovation, establishing partnerships and identifying business opportunities, the event is aims at creating a better future for cities and its citizens.

2021 edition of Smart City world Congress was held in Barcelona, Spain from 16th to 18th November. There was participation from over 80+ countries and over 10000 stakeholders visited the expo over 3 days. Indian delegation of 40 officials/ stakeholders from different cities and states also participated in the congress. It provided an arena for cities, institutions and enterprises to share knowledge and get inspired, as well as acted as a marketplace to network and build business. A number of side events also took place, which included academic sessions, discussions and workshops.

Dr. Renu Raj IAS
Mission Director, AMRUT



The CONGRESS brought together global, national and regional urban representatives, thought leaders, academic institutions, research centres, incubators, entrepreneurs and investors who have the collective decision-making power that drives smart cities. Majority members of the European Union and North America had set up pavilions in the exhibition area. The Europe pavilion showcased the expertise as well as opportunities of those countries as well as the region together. The three-day program had international experts coming together to share insights and learn best practices for a more sustainable urban world. It made possible a worldwide dialogue that shapes the next steps for urban development.

The EXPO offered a marketplace where hundreds of global companies and organizations to engage with worldwide professional attendees and show the world their cutting-edge projects and smart implemented solutions. The solutions that stood out from Scandinavia were electric vehicles and smart mobility solutions. Open stands created an environment within which to network and talent hunt, while multiple Agora spaces provided opportunities to listen to selected speakers and encounter business opportunities.

As a part of the SIDE EVENTS and ACTIVITIES a curated list of events and workshops including digital sessions that broadened the event program and gave answers to concrete challenges were conducted. It showcased ways to explore the most pressing issues and how to move from words to actions.

The 3-day congress was held in the main auditorium of FIRA BARCELONA, Gran Via, theme rooms, and several open stages called Agoras, plus a digital program live at Tomorrow City.

The 2021 SCEWC focused on eight main tracks:

1. Enabling Technologies
2. Energy & Environment
3. Tomorrow. Mobility World Congress
4. Governance
5. Living & Inclusion
6. Economy
7. Infrastructure & Buildings
8. Safety & Security.

The EXPO offered a marketplace where hundreds of global companies and organizations to engage with world-wide professional attendees and show the world their cutting-edge projects and smart implemented solutions. The solutions that stood out from Scandinavia were electric vehicles and smart mobility solutions.

Enabling Technologies : The major discussions included topics like Artificial Intelligence, Internet of Things, 5G & WIFI6 (6G), Cloud Computing, VR/AR & Digital Twins and Big Data

Energy & Environment : Innovations and ideas on New Energy Models, Food & Agriculture, Climate Emergency, Clean Tech, Waste & Water Management and Green Spaces were deliberated.

Tomorrow Mobility World Congress : Mobility was one of the most attractive areas covered by the congress. The concepts of Micro Mobility, Public Transport, Automotive, Mobility Service Providers and their role, Last Mile & E-Delivery, Smart Infrastructures were discussed.

Mobility was one of the most attractive areas covered by the congress. The concepts of Micro Mobility, Public Transport, Automotive, Mobility Service Providers and their role, Last Mile & E-Delivery, Smart Infrastructures were discussed.

Governance : In addition to Government systems, Multi-stakeholder approach, PPP, Cross-sector Governance, Citizen Engagement, Alliances and effectiveness of Co-creation were discussed and presented in detail.

Living & Inclusion : Topics like Social Inclusion, Future of Education & Work, Health, Cities for All, Housing problems and solutions were presented.

Economy : Major issue faced by developing cities being funding , the areas related to Financing Schemes, Economic Models, International Projection, Talent Attraction, Innovation Ecosystems and City-to-city Cooperation were areas of interest in these sessions.



Infrastructure & Buildings : Conceptual and implementation level topics like Smart Buildings, Sustainable Construction, Innovative Materials, Critical Infrastructures, Digital Twins and Urban Planning were covered in these sessions.

Safety & Security : With respect to modern world challenges, topics like Cyber security, City Ethics & Privacy, Urban Safety, Data Security, Digital Rights and Emergency Response especially in disaster situations were assessed.

Members of the Indian delegation were of the opinion that multiple solutions like dedicated cycle lanes and smart lighting systems may have to be limited to certain city areas only in Indian context so as to facilitate further growth and expansion. Some interesting solutions observed in the city of Barcelona and discussed among Indian delegates include

a. Free public wifi in all places

b. Garbage collection only during light traffic timing

c. No entry to vehicles in certain city areas

d. Facade light on heritage buildings

e. No entry to heavy commercial vehicles within city limits

It was also deliberated that the possibility of State Governments / smart cities signing sister city agreements for technology transfers with various scandinavian / European union countries / cities for the purpose of focussed areas like heritage value augmentation (in line with Gaudi architecture protection in Barcelona), appropriate sizing of municipal areas, approximating industrial and labour values etc can be considered.

From the side of Indian delegation, Director of Urban Affairs Kerala and Mission Direction State Mission Management Unit, Dr. Renu Raj IAS and Mr. Vikram Kumar IAS, Pune Municipal Commissioner made presentations in the Congress.

There was protocol reception for the members of the delegation from India on 17th with the President of Smart City Expo World Congress 2021 Mr. Ramon Roca and Mr. Ricard Zapetero, CEO Fira Barcelona International, which was also attended by officials by Indian Embassy of Spain. During the reception, Fira Barcelona officials expressed their interests in hosting similar shows in India.

It was also deliberated that the possibility of State Governments / smart cities signing sister city agreements for technology transfers with various scandinavian / European union countries / cities for the purpose of focussed areas like heritage value augmentation (in line with Gaudi architecture protection in Barcelona), appropriate sizing of municipal areas, approximating industrial and labour values etc can be considered.

പഠന റിപ്പോർട്ട്

പ്രകൃതിദത്ത ദ്രവമാലിന്യ സംസ്കരണ രീതികൾ

ആദർശ് ദേവരാജ്
അർബൻ ഇൻഫ്രാസ്ട്രക്ചർ എക്സപർട്ട്, അമൃത്

വിഷ്ണു എസ്. നാരായണൻ
എൻവിയോൺമെന്റ് എക്സപർട്ട്, അമൃത്

പ്രകൃതിദത്തമായ ദ്രവമാലിന്യ സംസ്കരണ രീതികളെ (Nature Based Sewage Treatment System) കുറിച്ച് പഠനം നടത്തുന്നതിന്റെ ഭാഗമായി ബെംഗളുരിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന വിവിധ പ്ലാന്റുകൾ സന്ദർശിക്കുവാനും അവയുടെ ഗുണഭോക്താക്കളുമായും നിർമാതാക്കളുമായും നേരിൽ ആശയ വിനിമയം നടത്തുവാനും കഴിഞ്ഞു.

വികേന്ദ്രീകൃത മലിനജല സംസ്കരണ സംവിധാനം (DEWATS) : മലിന ജലത്തെ ഭൂമിക്കടിയിൽ നിർമിച്ചിട്ടുള്ള വിവിധ ചേംബറുകളിലൂടെയും പ്ലാന്റ് ഗ്രാവൽ ഫിൽറ്ററിലൂടെയും കടത്തിവിട്ട് മാലിന ജലം സംസ്കരിക്കുന്ന സംവിധാനമാണിത്. രാസവസ്തുക്കളുടെ സാന്നിധ്യമോ, വൈദ്യുതോപയോഗമോ ഈ സംവിധാനത്തിന് ആവശ്യമില്ലെന്നതും തുലോം തുച്ഛമായ പ്രവർത്തന പരിപാലന ചെലവും ഇതിനുള്ള മേന്മകളാണ്. ജൈവീകമായ പ്രവർത്തന രീതിയാണ് ഈ സംവിധാനത്തിൽ അവലംബിച്ചിരിക്കുന്നത്. ഖര, ദ്രാവക മാലിന്യങ്ങൾ വേർതിരിച്ചാണ് സംസ്കരിക്കുന്നത്. പ്രകൃതി ദത്ത ദ്രവ മാലിന്യ സംസ്കരണ സമ്പ്രദായങ്ങളുടെയെല്ലാം (Nature Based Sewage Treatment System) അടിസ്ഥാന ഘടനയാണിത്.

സെറ്റ്ലിംഗ്: ഖരത്തെ ദ്രവത്തിൽ നിന്ന് വേർതിരിക്കാൻ ഏറ്റവും കാര്യക്ഷമമായ രീതിയാണ് സെറ്റ്ലിംഗ്. പ്രത്യേകം സജ്ജമാക്കിയ അറകകളിൽ കുറച്ച് സമയം തങ്ങാൻ അനുവദിച്ചാൽ ഖരവസ്തുക്കൾ അടിത്തട്ടിൽ നിക്ഷേപിക്കപ്പെടും. വെള്ളത്തിൽ ലയിച്ചുചേർന്നതും പൊങ്ങികിടക്കുന്നതുമായ ഖരവസ്തുക്കൾ മാത്രമാണ് അവശേഷിക്കുക. സെറ്റ്ലർ ചേംബർ എന്നാണിതിന്റെ പേര്. മാലിന്യം ഇങ്ങനെ അടിത്തട്ടിൽ അടിയുക മാത്രമല്ല ജൈവ വസ്തുക്കളുടെ സംസ്കരണത്തിന്റെ ആദ്യഘട്ടവും ഇവിടെ നടക്കും.

ഈ അറകൾക്കുള്ളിൽ വായുവിന്റെ അസാന്നിധ്യത്തിൽ നടക്കുന്ന (anaerobic) സംസ്കരണ പ്രക്രീയയാണ് നടക്കുന്നത്. വായുവിന്റെ അസാന്നിധ്യത്തിൽ ജീവിക്കുന്ന സൂക്ഷ്മാണുക്കളാണ് ജൈവ വസ്തുക്കളെ വിഘടിപ്പിക്കാൻ സഹായിക്കുന്നത്. വായു സാന്നിധ്യത്തിലുള്ള വിഘടനത്തേക്കാൾ (എയ്റോബിക്) വേഗതയും കാര്യക്ഷമതയും കൂടുതലാണ് അനറോബിക് രീതിക്ക്. ഈ സൂക്ഷമാണുക്കൾ ജൈവവസ്തുക്കളെ ആഹാരമാക്കി, മാലിന്യത്തിന്റെ രാസഘടന ലഘൂകരിച്ച് വിസർജ്ജിക്കും. ഇതിന്റെ ഫലമായുണ്ടാകുന്ന മീഥേൻ വാതകത്തിന്റെ ഉത്പാദനത്തോടെ മാലിന്യത്തിന്റെ ഘടന ലഘുവായി വിഘടന പ്രക്രീയയുടെ ആക്കം കൂടും. അടിയാതെ കിടക്കുന്ന മാലിന്യത്തിന്റെയും അടിഞ്ഞ മാലിന്യത്തിന്റെയും വിഘടന ക്ഷമത നിശ്ചയിക്കപ്പെടുന്നത് മാലിന്യം എത്ര സമയം ഈ അറകളിൽ ആയിരുന്നു എന്നതിനെ ആശ്രയിച്ചാണ്. ഈ സമയത്തെ റിറ്റെൻഷൻ സമയം എന്നാണ് പറയുക.



രണ്ടാം ഘട്ടം: ഖരമാലിന്യങ്ങൾ അടിത്തട്ടിൽ നിക്ഷേപിച്ച് സ്വതന്ത്രമാകുന്ന ദ്രവമാലിന്യം മാത്രമാണ് രണ്ടാം ഘട്ടത്തിലേയ്ക്ക് പോവുക. ഇങ്ങനെ അവശേഷിക്കുന്ന ഖരമാലിന്യത്തെ സ്ലഡ്ജ് എന്ന് പറയും. റിറ്റെൻഷൻ സമയമാണ് ഈ പ്രക്രീയയുടെ കാര്യക്ഷമത നിർണ്ണയിക്കുക. റിറ്റെൻഷൻ സമയം പരാമവധി ലഭിക്കുന്നതിനും കൂടുതൽ സൂക്ഷ്മാണുക്കളെ ഉൾക്കൊള്ളാൻ ഉതകുന്നതുമായ സാങ്കേതിക വിദ്യയാണ് ബാഫിൾ റിയാക്ടർ. ഈ അറകൾ ഒരു ശ്രേണിയായിട്ടാണ് തയ്യാറാക്കുന്നത്. ഓരോ അറയും കടന്ന് വേണം ബാഫിൾ റിയാക്ടറിൽ നിന്ന് പുറത്ത് കടക്കാൻ. ഈ പ്രയാണത്തിൽ പരമാവധി ജൈവമാലിന്യങ്ങളെ ബാക്ടീരിയ ഭക്ഷണമാക്കിയിട്ടുണ്ടാവും. ബാഫിൾ റിയാക്ടർ അവസാനിക്കുന്നത് ഒരു അനറോബിക് ഫിൽറ്ററിലാണ്.

അനറോബിക് ഫിൽറ്റർ: സുഷിരങ്ങൾ നിറഞ്ഞ പ്രതലമുള്ള വസ്തുക്കൾകൊണ്ട് നിർമിച്ച ഒരു ചേംബർ ആണ് അനറോബിക് ഫിൽറ്റർ. സുഷിരങ്ങൾ ഉള്ളതിനാൽ സൂക്ഷ്മാണുക്കളുടെ അളവ് കൂടുതലായിരിക്കും. മാത്രമല്ല സെറ്റിംഗ് ഘട്ടത്തിലും തുടർന്നുള്ള ബാത്ത് റൂമിലും അടിയാതെ പൊങ്ങിക്കിടക്കുന്ന ഖര രൂപങ്ങളെ അരിച്ചു മാറ്റുന്നതിനും സുക്ഷിരങ്ങൾ സഹായിക്കും. ചേംബർ ശൃംഖലയിലെ അവസാനത്തെ അറയിലാണ് ഇവ നിറയ്ക്കുന്നത്. അടിയിൽ നിന്നും മുകളിലേയ്ക്ക് വെള്ളം ഒഴുകുന്നതുമൂലം നന്നായി ഫിൽറ്ററിംഗ് നടന്ന് പൊങ്ങി കിടക്കുന്ന മാലിന്യങ്ങൾ ഈ ഫിൽറ്ററിംഗ് മീഡിയയിൽ കുടുങ്ങിപ്പോകും. അതോടെ പരമാവധി ഖര വസ്തുക്കളും ദുർഗന്ധവും ഒഴിവാകും. അങ്ങനെയുള്ള വെള്ളമാണ് പുറത്തേയ്ക്ക് കടക്കുക. അപ്പോഴും അൽപ്പം സൂക്ഷ്മജീവികൾ ഇതിൽ ഉണ്ടാകും, ഇതു കൂടി നീക്കേണ്ടതുണ്ട്. അതിനായി പ്ലാന്റ് ഗ്രാവൽ അല്ലെങ്കിൽ കൺസ്ട്രക്റ്റഡ് വെറ്റ്ലാൻഡ് മാർഗ്ഗമാണ് ഉപയോഗിക്കുന്നത്.



പ്ലാന്റ് ഗ്രാവൽ ഫിൽറ്റർ: കൺസ്ട്രക്റ്റഡ് വെറ്റ്ലാൻഡിൽ അവശേഷിക്കുന്ന ഖരവസ്തുക്കളും പോഷകങ്ങളും (Nutrients) ഒഴിവാക്കുന്നതിനുള്ള ഒരു എയ്റോബിക് പ്രക്രീയയാണ് ഇത്. വലിപ്പമുള്ളതും സുക്ഷിരങ്ങൾ ഉള്ളതുമായ കല്ലുകൾ ഒരു ബെഡിൽ നിറയ്ക്കും അതിൽ ചില പ്രത്യേകതരം ചെടികൾ നട്ടുപിടിപ്പിക്കും ജലത്തിൽ നിന്ന് പോഷകങ്ങൾ (Nutrients) ചെടികൾ ആഗിരണം ചെയ്യും. പനവാഴയാണ് ഈ ഇനത്തിൽ നമുക്ക് സുലഭമായി ലഭിക്കുന്ന ചെടി. ഈ ചെടികളുടെ വേരുകൾക്കടിയിലൂടെ ജലമൊഴുക്കി വിടും. ഒരറ്റത്ത് നിന്ന് മറ്റേ അറ്റത്ത് എത്തുമ്പോഴേയ്ക്കും പരമാവധി പോഷകങ്ങൾ (Nutrients) ചെടികൾ വലിച്ചെടുക്കും. പ്രകൃതി ദത്തമായ ദ്രവമാലിന്യ സംസ്കരണത്തിന്റെ അവസാന ഘട്ടമാണിത്. സെറ്റിംഗിൽ അടിഞ്ഞുകൂടിയ സ്ലഡ്ജിനെ രണ്ട് വർഷത്തിനും അഞ്ച് വർഷത്തിനുമിടയിൽ നീക്കം ചെയ്യേണ്ടതായി വരും. ഇത് സ്ലഡ്ജ് ഉണക്കുന്ന പ്രതലത്തിൽ ഉണക്കിയെടുത്ത് വളമായി ഉപയോഗിക്കാവുന്നതാണ്.

പഠനത്തിന്റെ ഭാഗമായി ECO PARADIGM ന്റെ സൈറ്റുകളായ ഐശ്വര്യ അമേയ്സ് അപ്പാർട്ട്മെന്റ് സമുച്ചയം, കുണ്ടണഹള്ളി തടാകം, സെന്റ് മാർത്താസ് ഹോസ്പിറ്റൽ തുടങ്ങിയ സന്ദർശിക്കുകയുണ്ടായി. 2007 ൽ പണിതീർത്ത ഐശ്വര്യ അമേയ്സ് അപ്പാർട്ട്മെന്റ് സമുച്ചയത്തിൽ 90 കുടുംബങ്ങളാണ് താമസിക്കുന്നത്. 50 കെ.എൽ.ഡി. ശേഷിയുള്ള ദ്രവമാലിന്യ സംവിധാനമാണ് ഇവിടെ നിർമിച്ചിരിക്കുന്നത്.

4 ഘട്ടങ്ങളിലായാണ് മലിനജല സംസ്കരണം നടപ്പിലാക്കിയിരിക്കുന്നത്. കുട്ടികളുടെ കളിസ്ഥലത്തിന് താഴെയാണ് ഖരമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിച്ചിരിക്കുന്നത്. കൂടാതെ 32000 ലിറ്റർ സംഭരണശേഷിയുള്ള ടാങ്ക് പാർക്കിംഗിന് താഴെയായി സ്ഥിതി ചെയ്യുന്നു. ചുറ്റുമതിലിനും കെട്ടിട സമുച്ചയത്തിനും ഇടയിലാണ് പ്ലാന്റ് ഗ്രാവൽ ഫിൽറ്ററും, ക്ലോറിൻ ഡോസിംഗ് യൂണിറ്റും സജ്ജീകരിച്ചിട്ടുള്ളത്. രണ്ട് വർഷത്തിലൊരിക്കൽ സ്ലഡ്ജ് ഇവിടെ നിന്നും നീക്കം ചെയ്യുന്നുണ്ട്

ബെംഗളൂരു നഗരത്തിൽ സ്ഥിതിചെയ്യുന്ന 125 വർഷം പഴക്കമുള്ള 534 കിടക്കകളോടു കൂടിയ ആശുപത്രിയാണ് സെന്റ് മാർത്താസ് ഹോസ്പിറ്റൽ. 840 കെ.എൽ.ഡി. സംസ്കരണ ശേഷിയുള്ള പ്രകൃതി ദത്തമായ ദ്രവ മാലിന്യ സംവിധാനം 90 ലക്ഷം രൂപ മുതൽ മുടക്കിൽ 2008 ലാണ് നിർമാണം പൂർത്തീകരിച്ചത്. വർഷം തോറും 310 മില്ല്യൺ ലിറ്റർ മലിന ജലമാണ് ഇതിൽ ശുദ്ധീകരിക്കുന്നത്. കുണ്ടണഹള്ളി തടാകത്തിലും സമാന രീതി (DTS) തന്നെയാണ് പിൻതുടർന്നിരിക്കുന്നത്.

ഏഷ്യയിലെ ഗ്രീനസ്റ്റ് ബിൽഡിംഗ് പുരസ്കാരം കരസ്ഥമാക്കിയ CoEvolve ഫ്ളാറ്റ് സമുച്ചയം 2018 ലാണ് പൂർത്തീകരിച്ചത്. 180 കുടുംബങ്ങളാണ് ഇവിടെ താമസിക്കുന്നത്.

80 കെ.എൽ.ഡി. സംസ്കരണ ശേഷിയുള്ള പ്രകൃതി ദത്തമായ ദ്രവ മാലിന്യ സംസ്കരണ സംവിധാനത്തിന് പുറമെ ഓസോൺ ട്രീറ്റ്മെന്റ്, R.O. ട്രീറ്റ്മെന്റ് എന്നിവ ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. കാർ പാർക്കിംഗിന് താഴെയാണ് ഖരമാലിന്യ സംസ്കരണ സംവിധാനം ഇവിടെ സ്ഥിതി ചെയ്യുന്നത്. രണ്ട് വർഷത്തിലൊരിക്കൽ സ്ലഡ്ജ് ഇവിടെ നിന്നും നീക്കം ചെയ്യുന്നുണ്ട്.

AMRUT 2 ന്റെ City Water Balace Plan ,City Water Action Plan തയ്യാറാക്കുന്നതിനും PDMC തിരഞ്ഞെടുക്കുന്നതിനും വിവിധ NGO/NPO കളുമായി ചർച്ചകൾ നടത്തി. ഗവേഷണാടിസ്ഥാനത്തിൽ ഓരോ സിറ്റി ചെയ്തു നൽകാമെന്ന് അവർ സമ്മതം അറിയിച്ചു. IIHS, CDD, Atree എന്നീ സ്ഥാപനങ്ങൾ യഥാക്രമം കോഴിക്കോട്, കൊച്ചി, ആലപ്പുഴ എന്നീ നഗരങ്ങളുടെ CWBP തയ്യാറാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചു.

ദേവനഹള്ളിയിൽ സ്ഥിതി ചെയ്യുന്ന 6 കെ.എൽ.ഡി. ശേഷിയുള്ള കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റ് (FSTP) CDD രൂപകല്പന ചെയ്തതാണ്. വീടുകളിൽ നിന്ന് സംഭരിച്ചുകൊണ്ടുവരുന്ന സ്ലഡ്ജ് ഇവിടെ പ്രവർത്തിക്കുന്ന FSTP യിൽ സംസ്കരിക്കുന്നു. ടാങ്കറിൽ നിന്ന് സ്ലഡ്ജ് ഒരു സ്ക്രീനിംഗ് ചേംബറിലേയ്ക്ക് മാറ്റും, കല്ലോ കട്ടയോ ഉണ്ടെങ്കിൽ നീക്കം ചെയ്യാനാണിത്. DEWATS തന്നെയാണ് ഈ FSTP യുടെയും അടിസ്ഥാന ഘടന. ഓക്സിജന്റെ അളവ് വർദ്ധിപ്പിച്ച് ഖര വസ്തുക്കളെ നീക്കം ചെയ്ത് സുരക്ഷിത രൂപത്തിലാക്കി വളമായി ഉപയോഗിക്കുന്നു.



അമൃത് നഗരങ്ങളിലെ വാർഷിക അക്കൗണ്ട്സ് മോണിറ്ററിംഗ് സന്ദർശനം 2021-22

വാർഷിക അക്കൗണ്ട്സ് മോണിറ്ററിംഗ് സന്ദർശനത്തിന്റെ അവസാന 2 ഘട്ടങ്ങൾ നവംബർ മാസത്തിൽ പൂർത്തിയാക്കുവാൻ സാധിച്ചു. ഒന്നാം ഘട്ടത്തിൽ തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട് എന്നീ തദ്ദേശ സ്ഥാപനങ്ങളിൽ സന്ദർശനം പൂർത്തീകരിച്ചിരുന്നു. ആയതിന്റെ രണ്ടാം ഘട്ടത്തിൽ കൊച്ചി കോർപ്പറേഷനും ആലപ്പുഴ മുനിസിപ്പാലിറ്റിയും മൂന്നാം ഘട്ടത്തിൽ തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകളിലും സന്ദർശനം പൂർത്തീകരിച്ചു. മൂന്ന് ഘട്ടങ്ങളിലായി 2021-22 സാമ്പത്തിക വർഷത്തെ അക്കൗണ്ട് മോണിറ്ററിംഗ് സന്ദർശനം വിജയകരമായി പൂർത്തീകരിച്ചു.

ആദ്യ ഘട്ടത്തിലേതിന് സമാനമായി അമൃത് പദ്ധതിയുടെ സാമ്പത്തികവും നിയമപരവുമായി സൂക്ഷിക്കേണ്ട രേഖകൾ, ഫയലുകൾ, രജിസ്റ്ററുകൾ തുടങ്ങിയവ പരിശോധിച്ചു. തദ്ദേശ സ്ഥാപനങ്ങളിൽ എസ്.എൻ.എ. സംവിധാനം (Single Nodgal Agency System) മുഖാന്തിരം പണം കൈമാറിയ രേഖകൾ, അമൃത് പദ്ധതിയ്ക്കായി തദ്ദേശ സ്ഥാപനങ്ങളിൽ നിയോഗിച്ചിട്ടുള്ള സിവിൽ എഞ്ചിനീയർമാർ, ഓവർസിയർമാർ എന്നിവരുടെ എഗ്രിമെന്റുകൾ, മറ്റ് അനുബന്ധരേഖകൾ എന്നിവ വിശദമായി പരിശോധിക്കുകയുണ്ടായി.

ഇവയുടെ എല്ലാം വിശദമായ റിപ്പോർട്ട് അതാത് മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്ക് കൈമാറുകയും മെച്ചപ്പെടുത്തേണ്ട മേഖലകൾ ചൂണ്ടിക്കാണിക്കുകയും ചെയ്തു. നഗരസഭാ അദ്ധ്യക്ഷൻമാരെ നേരിൽ കണ്ട് സന്ദർശന വിവരങ്ങൾ ബോധ്യപ്പെടുത്തുകയും പരിഹരിക്കേണ്ട കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു.

അമൃത് 2.0 പദ്ധതി ഒറ്റനോട്ടത്തിൽ

പൗരന്മാരുടെ അടിസ്ഥാന ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആദ്യ ദേശീയ ജല മിഷൻ എന്ന കാഴ്ചപ്പാടോടും കൂടി 2015 ജൂൺ 25ന് രാജ്യത്തെ 500 നഗര ങ്ങളിൽ അമൃത് പദ്ധതി ആരംഭിച്ചു.

രാജ്യത്തെ എല്ലാവർക്കും ഗാർഹിക ജലവിതരണ കണക്ഷനുകൾ നൽകിയും, നഗരങ്ങളെ ജലഭദ്രതയുള്ളതാക്കിയും 'ആത്മ നിർഭർ ഭാരത്' ലേയ്ക്ക് ഒരു ചുവട്‌വെയ്പ്പാണ് അമൃത് 2.0 ലക്ഷ്യമിടുന്നത്. ജലസ്രോതസ്സുകളുടെ കാര്യക്ഷമമായ സംരക്ഷണം, ജലാശയങ്ങളുടെയും കിണറുകളുടെയും പുനരുജ്ജീവനം, മലിനജലത്തിന്റെ സംസ്കരണവും പുനരുപയോഗവും, സാമൂഹ്യ പങ്കാളിത്തത്തോടെയുള്ള മഴവെള്ളക്കൊയ്ത്ത് തുടങ്ങി ജലത്തിന്റെ ചാക്രിക മിതവ്യയത്തിലൂടെയാണ് ഈ ലക്ഷ്യം കൈവരിക്കാനാവുക.

1.39 കോടി ഗാർഹിക പൈപ്പ് കണക്ഷനുകൾ നൽകുന്നതിലൂടെ എല്ലാവർക്കും ജലവിതരണമെത്തിക്കുക എന്നതാണ് അമൃത് ലക്ഷ്യമിട്ടത്. അതുപോലെ ആകെയുള്ള 31% സ്വീവേജ്/സെപ്റ്റേജ് കണക്ഷനുകൾ 62% ത്തിലേയക്ക് എത്തിക്കുന്നതിനായി 1.45 കോടി കണക്ഷനുകൾ പുതിയതായി നൽകുക എന്നതും ലക്ഷ്യമിടുന്നു. ഇതുവരെ 1.12 കോടി ഗാർഹിക ജലവിതരണ കണക്ഷനുകളും 87 ലക്ഷം സ്വീവേജ് കണക്ഷനുകളും നൽകി. ദിനംപ്രതി 1800 ദശലക്ഷം ലിറ്റർ മലിനജലം സംസ്കരിക്കുന്നതിന് ശേഷിയുള്ള പ്ലാന്റുകൾ നിർമിച്ചു. അതിൽ 907 ദശലക്ഷം ലിറ്റർ ജലം പുനരുപയോഗിക്കുകയും ചെയ്യുന്നു. എല്ലാ ജനവിഭാഗങ്ങളുടെയും ദുരിതങ്ങൾ ലഘൂകരിക്കുവാനും ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുവാനും പ്രത്യേകിച്ച് സ്ത്രീകളുടെ സമയവും ഊർജ്ജവും സംരക്ഷിച്ച് ഗുണപരമായ കാര്യങ്ങൾക്ക് വിനിയോഗിക്കുവാനും അമൃത് പദ്ധതിയ്ക്ക് സാധിച്ചു.

2030 ആകുമ്പോഴേയ്ക്കും ജലദൗർലഭ്യം കുറയ്ക്കുന്നതിനും അതിനനുസരണമായി ജലക്ഷാമം അനുഭവിക്കുന്ന ജനങ്ങളുടെ എണ്ണം ലഘൂകരിക്കുന്നതിനുമായി സമസ്ത മേഖലകളിലും സുസ്ഥിരമായി ജലഉപഭോഗത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിനും സുസ്ഥിര വികസനം കൈവരിക്കുന്നതിനായി ഐക്യരാഷ്ട്ര സഭ നിശ്ചയിച്ചിട്ടുള്ള 17 ലക്ഷ്യങ്ങളിൽ ഒന്നായ സുസ്ഥിര വികസന ലക്ഷ്യം 6 (SDG 6) കൈവരിക്കുന്നതിനും ജല വിതരണ മേഖലയിലെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുമായാണ് എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങൾക്കുമായി അമൃത് 2.0 ആരംഭിച്ചിരിക്കുന്നത്. ഇത് കൂടാതെ 500 അമൃത് നഗരങ്ങളിലെ സമ്പൂർണ്ണ സ്വീവേജ്/സെപ്റ്റേജ് മാനേജ്മെന്റും അമൃത് 2.0 ലക്ഷ്യമിടുന്നുണ്ട്.

രാജ്യത്തെ എല്ലാവർക്കും ഗാർഹിക ജലവിതരണ കണക്ഷനുകൾ നൽകിയും, നഗരങ്ങളെ ജലഭദ്രതയുള്ളതാക്കിയും 'ആത്മ നിർഭർ ഭാരത്' ലേയ്ക്ക് ഒരു ചുവട്‌വെയ്പ്പാണ് അമൃത് 2.0 ലക്ഷ്യമിടുന്നത്. ജലസ്രോതസ്സുകളുടെ കാര്യക്ഷമമായ സംരക്ഷണം, ജലാശയങ്ങളുടെയും കിണറുകളുടെയും പുനരുജ്ജീവനം, മലിനജലത്തിന്റെ സംസ്കരണവും പുനരുപയോഗവും, സാമൂഹ്യ പങ്കാളിത്തത്തോടെയുള്ള മഴവെള്ളക്കൊയ്ത്ത് തുടങ്ങി ജലത്തിന്റെ ചാക്രിക മിതവ്യയത്തിലൂടെയാണ് ഈ ലക്ഷ്യം കൈവരിക്കാനാവുക. ജനങ്ങളുടെ പദ്ധതിയായി അതായത് ജന ആന്ദോളൻ ആയാണ് മിഷൻ പ്രവർത്തനം നടത്തുക. രാജ്യത്തെ 500 അമൃത് നഗരങ്ങളിലെയും സമ്പൂർണ്ണ സ്വീവേജ്/സെപ്റ്റേജ് മാനേജ്മെന്റ് സംവിധാനം അമൃത് 2.0 ലക്ഷ്യമിടുന്നു.

പദ്ധതികൾ രൂപീകരിക്കുന്നതിനും, ആസൂത്രണം ചെയ്യുന്നതിനും, നടപ്പിലാക്കുന്നതിനും സംസ്ഥാനങ്ങൾക്ക് അവസരം നൽകുന്നതിലൂടെ സംസ്ഥാനങ്ങളെയും നഗര തദ്ദേശ സ്ഥാപനങ്ങളെയും സഹകരണ മനോഭാവത്തോടെയും ഫെഡറൽ സംവിധാനത്തിന് അനുഗുണമായും പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് തക്കവിധം ശാക്തീകരിക്കുവാൻ മിഷൻ ലക്ഷ്യമിടുന്നു. അനുവദിക്കുന്ന കേന്ദ്ര സഹായം പദ്ധതിയുടെ ഭൗതീക സാമ്പത്തിക പുരോഗതിയ്ക്ക് അനുസരണമായി അനുയോജ്യമായ ഏത് നഗരസഭകളിലും ചെലവഴിക്കാവുന്നതാണ്

പദ്ധതി പുരോഗതി സംബന്ധിച്ച് സ്ത്രീകളിൽ നിന്നും യുവജനങ്ങളിൽ നിന്നും സമാന്തരമായി വിലയിരുത്തലുകൾ മിഷൻ സ്വീകരിക്കും. ജല ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും, ജലത്തിന്റെ ഗുണനിലവാര പരിശോധനകൾക്കും, ജലത്തിന്റെ ഭൗതീകസൗകര്യ പ്രവർത്തനങ്ങളൊരുക്കുന്നതിനും വനിതാ സ്വയം സഹായ സംഘങ്ങളെ പദ്ധതിയിൽ ഉൾക്കൊള്ളിക്കും. ഒരു ശ്രമകരമായ പ്രയത്നത്തിലൂടെ എല്ലാ നഗരങ്ങളിലും ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്ന പരിശോധനകൾക്ക് സ്ത്രീകൾക്ക് പരിശീലനം നൽകി അവരെ പ്രാപ്തരാക്കേണ്ടതാണ്. സംസ്ഥാന തലത്തിൽ നഗര വികസന വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജല/സ്വീവേജ് ബോർഡുകളോ പൊതു ആരോഗ്യ എഞ്ചിനീയറിംഗ് വകുപ്പോ ഈ പരിശീലനത്തിന് നേതൃത്വം കൊടുക്കേണ്ടതാണ്.



തദ്ദേശ നഗര സ്ഥാപനങ്ങളിലെ സാമ്പത്തിക സുസ്ഥിരതയും ജലഭദ്രതയും മുൻനിർത്തിയുള്ള പരിഷ്കരണ നടപടികളാണ് മിഷനുള്ളത്. ജല ഉപഭോഗത്തിന്റെ 20% പുന:ചംക്രമണ ജലത്തിലൂടെ നിറവേറ്റുക, ജലശോഷണ തോത് ആകെ വിതരണത്തിന്റെ 20% ത്തിനുള്ളിലാക്കുക, ജലാശയങ്ങളുടെ പുനരുജ്ജീവനം എന്നിവയാണ് ജലവുമായി ബന്ധപ്പെട്ട പ്രധാന പരിഷ്ക്കരണ നടപടികൾ. വസ്തു നികുതി പരിഷ്ക്കരണം, സേവന നിരക്കുകൾ, നഗര തദ്ദേശ സ്ഥാപനങ്ങളുടെ ക്രെഡിറ്റ് റേറ്റ് മെച്ചപ്പെടുത്തുക, നഗരാസൂത്രണം തുടങ്ങിയവയാണ് മറ്റ് പ്രധാനപ്പെട്ട പരിഷ്ക്കരണങ്ങൾ.

എല്ലാ പദ്ധതികളിലും സാധ്യവും യോജ്യവുമായ 'സ്മാർട്ട് ഘടകങ്ങൾ' മിഷൻ പ്രോത്സാഹിപ്പിക്കും. കിണറുകളുടെ നവീകരണം മിഷന്റെ ഒരു ഉപപദ്ധതിയായിരിക്കും.

കരാറുകാർ, പ്ലംബേഴ്സ്, പ്ലാന്റ് ഓപ്പറേറ്റേഴ്സ്, വിദ്യാർത്ഥികൾ, സ്ത്രീകൾ, പൗരന്മാർ തുടങ്ങി പദ്ധതിയുമായി ഭാഗഭാക്കാകുന്ന എല്ലാവർക്കം കാര്യശേഷി വികസന പരിപാടികൾ സംഘടിപ്പിക്കണം. പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനായി സാങ്കേതിക സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കണം. ഹ്രസ്വകാല കരാറുകൾ (Gig economy model) നൽകി പദ്ധതികളുടെ സർവെ നടത്തുവാൻ വിദ്യാർത്ഥികളെ നിയോഗിക്കാവുന്നതാണ്.

ഉപപദ്ധതിയായ സാങ്കേതിക വിദ്യ, ജല മേഖലയിൽ ആഗോളതലത്തിൽ നവീനവും തെളിയിക്കപ്പെട്ടതുമായ സാങ്കേതിക വിദ്യകൾ തിരഞ്ഞെടുക്കുന്നതിന് സഹായിക്കും. കുറഞ്ഞ ചെലവിൽ നിർമിക്കപ്പെടുന്ന ഉപകരണങ്ങളും പ്രക്രീയകളും കണ്ടെത്തി വിപുലീകരിക്കുന്ന സംരംഭങ്ങളും സ്റ്റാർട്ട് അപ്പുകളും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കടലാസ് രഹിതവും സാങ്കേതിക വിദ്യയുടെ സഹായത്താൽ പദ്ധതി നിർവ്വഹണം നിരീക്ഷിക്കാൻ സാധിക്കുന്നതുമായ ഒരു നിരീക്ഷണ-വിലയിരുത്തൽ സംവിധാനം മിഷനുണ്ടാവണം.

അമൃത് 2.0 യുടെ ഘടകങ്ങൾ

പദ്ധതികൾ

വിശദമായ നഗര ജല സംതുലന പദ്ധതികളും, നഗര ജല കർമ്മപദ്ധതിയും നഗര തദ്ദേശ സ്ഥാപനങ്ങൾ ഓൺലൈൻ പോർട്ടലിലൂടെ മുൻഗണനാ മേഖലകളിൽ നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ സമർപ്പിക്കണം. ജല മേഖലയിലെ സുസ്ഥിരതയും ഫലപ്രാപ്തിയും മെച്ചപ്പെടുത്തുവാൻ സഹായകമാകുന്ന തരത്തിൽ ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതികളുടെ മുൻഗണനാ ക്രമം തയ്യാറാക്കും.

- സമഗ്രമായ ജല വിതരണം
- സ്വീവേജ്/സെപ്റ്റേജ് മാനേജ്മെന്റും, സംസ്കരിച്ച ജലത്തിന്റെ പുനരുപയോഗവും, (അമൃത് നഗരങ്ങളിൽ മാത്രം)
- ജലത്തിന്റെ പുന:ചംക്രമണം
- ജലാശയങ്ങളുടെ പുനരുജ്ജീവനവും ഹരിത പ്രദേശങ്ങൾ സൃഷ്ടിക്കലും.



തദ്ദേശ നഗര സ്ഥാപനങ്ങളിലെ സാമ്പത്തിക സുസ്ഥിരതയും ജലഭദ്രതയും മുൻനിർത്തിയുള്ള പരിഷ്കരണ നടപടികളാണ് മിഷനുള്ളത്. ജല ഉപഭോഗത്തിന്റെ 20% പുന:ചംക്രമണ ജലത്തിലൂടെ നിറവേറ്റുക, ജലശോഷണ തോത് ആകെ വിതരണത്തിന്റെ 20% ത്തിനുള്ളിലാക്കുക, ജലാശയങ്ങളുടെ പുനരുജ്ജീവനം എന്നിവയാണ് ജലവുമായി ബന്ധപ്പെട്ട പ്രധാന പരിഷ്ക്കരണ നടപടികൾ. വസ്തു നികുതി പരിഷ്ക്കരണം, സേവന നിരക്കുകൾ, നഗര തദ്ദേശ സ്ഥാപനങ്ങളുടെ ക്രെഡിറ്റ് റേറ്റ് മെച്ചപ്പെടുത്തുക, നഗരാസൂത്രണം തുടങ്ങിയവയാണ് മറ്റ് പ്രധാനപ്പെട്ട പരിഷ്ക്കരണങ്ങൾ.



ഭരണപരവും മറ്റ് ചെലവുകളും (A&OE) : നഗര ജല സംതുലന പദ്ധതികൾ തയ്യാറാക്കൽ (CWBPs), പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ്, വിശദമായ പദ്ധതി റിപ്പോർട്ടുകൾ (DPR), പദ്ധതി നിർവ്വഹണ യൂണിറ്റുകൾ (PIUs), പ്രോജക്റ്റ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് കൺസൾട്ടന്റുകൾ (PDMCs), ഭൂഗർഭ ജലസംഭരണ വികസന പദ്ധതികൾ, സ്വതന്ത്ര നിരീക്ഷണ മേൽനോട്ട ഏജൻസികൾ (IRMAs) തുടങ്ങിയവയ്ക്കായി ചെലവ് വരുന്ന തുകയുൾപ്പടെയുള്ള ഭരണപരവും മറ്റ് ചെലവുകളും കേന്ദ്ര സർക്കാർ നൽകും. കാര്യശേഷി വികസന പരിപാടികൾക്കും ഈ തുക വിനിയോഗിക്കാവുന്നതാണ്.

പരിഷ്ക്കരണങ്ങൾ : ജല ശോഷണ തോത് കുറയ്ക്കുക, സംസ്കരിച്ച ജലത്തിന്റെ പുനരുപയോഗം, ജലാശയങ്ങളുടെ പുനരുജ്ജീവനം, ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിന്റെ വിപുലീകരണം, നഗര തദ്ദേശ സ്ഥാപനങ്ങളിലെ ആഡിറ്റ് അക്കൗണ്ട് പ്രസിദ്ധീകരിക്കൽ, നഗരാസൂത്രണം, നഗര സാമ്പത്തിക രംഗം ശക്തിപ്പെടുത്തുക തുടങ്ങി പൗരന്മാരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള പരിഷ്ക്കരണ അജണ്ടയാണ് മിഷനുള്ളത്. വിജയകരമായി പരിഷ്ക്കരണ നടപടികൾ നടപ്പിലാക്കിയാൽ പ്രോത്സാഹന തുക ലഭിക്കുന്നതാണ്.

സാങ്കേതിക ഉപപദ്ധതി : സാങ്കേതിക ഉപപദ്ധതി സ്റ്റാർട്ട്-അപ് ആശയങ്ങൾക്കും സ്വകാര്യ സംരംഭങ്ങൾക്കും പ്രോത്സാഹനം നൽകും. കൂടാതെ ഇവ വിദഗ്ദ്ധ സമിതി പരിശോധിച്ച് പൈലറ്റ് പദ്ധതികളായി കമ്മീഷൻ ചെയ്യും. നവീന ആശയങ്ങളുള്ള ലൈറ്റ് ഹൗസ് പദ്ധതികൾക്ക് ഭാഗീകമായ ഫണ്ടിംഗ് ഉപപദ്ധതി നൽകും.

വിവര വിദ്യാഭ്യാസ വിനിമയം (IEC), എന്നിവയ്ക്കും ആശവിനിമയിത്തിലെ പെരുമാറ്റ മാറ്റത്തിനും അമൃത് 2.0 യിൽ ജല സംരക്ഷണ അവബോധം പ്രചരിപ്പിക്കുന്നതിനും, ജല ഉപഭോഗം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ജനത്തെ പ്രാപ്തമാക്കുന്നതിനുമുള്ള ഒരു പ്രധാന പദ്ധതിയായി വിഭാവനം ചെയ്തിരിക്കുന്നു.

ജല വിതരണവും മലിന ജലത്തിന്റെ പുനരുപയോഗവും (Pey Jal Survekshan)

ജല വിതരണത്തിന്റെ അളവും ഗുണനിലവാരവും വ്യാപ്തിയും, സ്വീവേജ്/സെപ്റ്റേജ് മാനേജ്മെന്റ്, ജലത്തിന്റെ പുനരുപയോഗവും പുന:ചംക്രമണവും, നഗരങ്ങളിലെ ജലാശയങ്ങളുടെ സംരക്ഷണം എന്നിവയുടെ സേവന തല നിലവാരം മെച്ചപ്പെടുത്തുവാനും വിലയിരുത്തുവാനും നഗരങ്ങളിൽ നടത്തുന്ന ഒരു മത്സരാധിഷ്ഠിത പ്രക്രീയയാണ്. ജലവിതരണവും മലിന ജലത്തിന്റെ പുനരുപയോഗവും (Pey Jal Survekshan). നഗരങ്ങൾക്കിടയിൽ ആരോഗ്യപരമായ ഒരു മത്സരത്തിനും, ഒരു നിരീക്ഷണ സംവിധാനമായും, പദ്ധതി പ്രവർത്തനങ്ങൾ ത്വരിതമാക്കുന്നതിനും ഇത് സഹായകമാകും.

വനിതാ സ്വയംസഹായ സംഘങ്ങൾ കേന്ദ്രമാക്കിയുള്ള സാമൂഹിക പങ്കാളിത്തം

ജലത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കും ഭൗതീക സൗകര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും വനിതാ സ്വയം സഹായ സംഘങ്ങളുടെ കൂടി സഹകരണം ഉറപ്പിക്കുക. ദേശീയ നഗര ഉപജീവന മിഷൻ (NULM) മാനേജ്മെന്റ് യൂണിറ്റുകളിലൂടെ ഇത് സാധ്യമാകും.

ഫലപ്രാപ്തിയിലധിഷ്ഠിതമായ ഫണ്ടിംഗ് : അമൃത് 2.0 വളരെ പ്രധാനപ്പെട്ട സവിശേഷതയാണ് ഫലപ്രാപ്തിയിലധിഷ്ഠിതമായ ഫണ്ടിംഗ്. പദ്ധതിയിലൂടെ കൈവരിക്കുന്ന ഫലങ്ങളുടെ വിശദമായ രൂപരേഖ മിഷൻ കാലയളവിൽ തന്നെ നഗരങ്ങൾ സമർപ്പിക്കേണ്ടതാണ്.

തൽസ്ഥിതി മനസ്സിലാക്കിയുള്ള പദ്ധതി വിലയിരുത്തൽ : ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയും പൊതു സമൂഹത്തിന്റെ വിലയിരുത്തലുകളിലൂടെയുമുള്ള പദ്ധതി മേൽനോട്ടം. കൂടാതെ താൽക്കാലിക/കരാർ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ സാമുഹ്യ പങ്കാളിത്തം ഉറപ്പുവരുത്തുക.

പൊതു സ്വകാര്യ പങ്കാളിത്തം :10 ലക്ഷത്തിന് മുകളിൽ ജനസംഖ്യയുള്ള എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങളും നഗര തലത്തിലെ ആകെ പദ്ധതി വിഹിതത്തിന്റെ 10% പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

ജല വിതരണത്തിന്റെ അളവും ഗുണനിലവാരവും വ്യാപ്തിയും, സ്വീവേജ്/സെപ്റ്റേജ് മാനേജ്മെന്റ്, ജലത്തിന്റെ പുനരുപയോഗവും പുന:ചംക്രമണവും, നഗരങ്ങളിലെ ജലാശയങ്ങളുടെ സംരക്ഷണം എന്നിവയുടെ സേവന തല നിലവാരം മെച്ചപ്പെടുത്തുവാനും വിലയിരുത്തുവാനും നഗരങ്ങളിൽ നടത്തുന്ന ഒരു മത്സരാധിഷ്ഠിത പ്രക്രീയയാണ്. ജലവിതരണവും മലിന ജലത്തിന്റെ പുനരുപയോഗവും; നഗരങ്ങൾക്കിടയിൽ ആരോഗ്യപരമായ ഒരു മത്സരത്തിനും, ഒരു നിരീക്ഷണ സംവിധാനമായും, പദ്ധതി പ്രവർത്തനങ്ങൾ ത്വരിതമാക്കുന്നതിനും ഇത് സഹായകമാകും.

പോപ്പ് നഗർ കോളനി ദ്രവമാലിന്യ സംസ്കരണം

1986 ൽ ജോൺപോൾ രണ്ടാമൻ തൃശ്ശൂർ സന്ദർശിച്ച വേളയിൽ തൃശ്ശൂർ അതിരൂപത ഭവന രഹിതരായ 200 പേർക്ക് സ്ഥലം വാങ്ങി വീട് വച്ച് നൽകുകയുണ്ടായി. 3.5 സെന്റിലാണ് ഓരോ വീടും നിർമിച്ചിട്ടുള്ളത്. ഈ സ്ഥലത്തിന് കാലാനുഗതമായ വികസനവും ജനസംഖ്യാ വർദ്ധനവും ഉണ്ടായിട്ടുണ്ട്. പോപ്പ് നഗർ കോളനി എന്നറിയപ്പെടുന്ന ഈ സ്ഥലം തൃശ്ശൂർ കോർപ്പറേഷനിലെ ഡിവിഷൻ 18 ലാണ് ഉൾപ്പെടുന്നുത്.

എട്ട് ഏക്കറോളം വരുന്ന സ്ഥലത്ത് 200 വീടുകളാണുള്ളത്. പൊതുടാപ്പിൽ നിന്നോ ഗാർഹിക കണക്ഷനുകളിൽ നിന്നോ ആണ് കുടിവെള്ളം ശേഖരിക്കുന്നത്. ചില വീട്ടുകാർ കുടിവെള്ളത്തിനായി കിണറിനെയും ആശ്രയിക്കുന്നുണ്ട്. എല്ലാ വീടുകളിലും കക്കൂസ് സൗകര്യമുണ്ട്. മലിനജലം തുറസ്സായ ഓടകളിലേയ്ക്കാണ് ഒഴുക്കുന്നത്. കോളനിയുടെ സമീപത്ത് കൂടി ഒഴുകുന്ന ജലസേചന കനാലിൽ ഈ മലിനജലം ഒഴുകിയെത്തുന്ന സാഹചര്യമാണുള്ളത്. ഈ സാഹചര്യത്തിൽ 18-ാം ഡിവിഷനിലെ കൗൺസിലറും കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിംഗും സമഗ്രമായി സാഹചര്യങ്ങൾ പഠിച്ച് പ്രകൃതി അടിസ്ഥാന മലിനജന സംസ്കരണ സംവിധാനം സ്ഥാപിക്കുവാൻ തീരുമാനിച്ചു.

സ്ഥലത്തിന് അനുയോജ്യമായ ഒരു സംസ്കരണ സംവിധാനം രൂപകൽപ്പന ചെയ്യുന്നതിനായി സ്റ്റേറ്റ് മിഷൻ മാനേജ്മെന്റിന്റെ അനുവാദത്തോടെ തൃശ്ശൂർ കോർപ്പറേഷൻ സി. ഡി. ഡി. സൊസൈറ്റിയെ (Consortium for DEWATS Dissemination Society) സമീപിച്ചു. തൃശ്ശൂർ കോർപ്പറേഷനിലെ എഞ്ചിനീയറിംഗ് വിംഗിലെ സാങ്കേതിക വിദഗ്ദ്ധരും സി.ഡി.ഡി. യിലെ വിദഗ്ദ്ധരും സ്ഥലം സന്ദർശിച്ച് പഠനം നടത്തി, സ്ഥലത്തിന് അനുയോജ്യമായ മലിന ജല സംസ്കരണ സംവിധാനത്തിനുള്ള പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ആലപ്പുഴ നഗരസഭ

റാണി തോട് നവീകരണം

ആലപ്പുഴ നഗരത്തിലെ പ്രധാന തോടുകളിൽ ഒന്നാണ് റാണി തോട്. മാലിന്യങ്ങളടിഞ്ഞും കടൽക്ഷോഭത്തിലും വെള്ളപ്പൊക്കത്തിലും കരകളിടിഞ്ഞും തീർത്തും ശോചനീയമായ അവസ്ഥയിലായിരുന്നു തോട്. അമൃത് പദ്ധതിയിലുൾപ്പെടുത്തി റാണി തോട് നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

ആലപ്പുഴ നഗരത്തിലെ ഇരവുകാട്, കുതിരപന്തി, ഗുരുമന്ദിരം എന്നീ വാർഡുകളെ ബന്ധിപ്പിക്കുന്ന റാണി തോടിന്റെ 860 മീറ്റർ ദൂരം ഇരുകരകളും സംരക്ഷണ ഭിത്തി കെട്ടി നീരൊഴുക്ക് സുഗമമാക്കി. റാണി തോടിന്റെ ശേഷിക്കുന്ന ഭാഗം സംരക്ഷണ ഭിത്തികെട്ടുന്നതിന് ജൽ ശക്തി അഭിയാനിൽ ഉൾപ്പെടുത്തി, നടപടികൾ പുരോഗമിച്ചു വരുന്നു.

റാണി തോട് ചെന്ന് ചേരുന്നത് വാടാപൊഴിയിലേയ്ക്കാണ്. വാടാപൊഴിയും അമൃത് പദ്ധതിയിലുൾപ്പെടുത്തി സംരക്ഷണ ഭിത്തികെട്ടി, പൊഴിയിലെ മണ്ണ് നീക്കം ചെയ്ത് പൊഴിയുടെ ആഴം കൂട്ടുന്ന പദ്ധതി പുരോഗമിച്ചു വരികയാണ്. പദ്ധതി പൂർത്തിയാകുന്നതോടുകൂടി വലിയമരം മുതൽ വാടാപൊഴി വരെയുള്ള വെള്ളക്കെട്ട് പൂർണ്ണമായും പരിഹരിക്കപ്പെടും.

നവംബർ 26 ഭരണഘടനാ ദിനാചരണത്തോടനുബന്ധിച്ച് സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിലെ ജീവനക്കാർക്ക് ഭരണഘടനയുടെ ആമുഖം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ശ്രീ. ഡി. രാജൻ വായിച്ച് കൊടുക്കുന്നു.

പാലക്കാട് നഗരസഭ

നിള പാർക്ക്

പാലക്കാട് നഗരസഭയിൽ ഒലവക്കോട് ഭാഗത്ത് നഗരത്തിന്റെ ഹൃദയഭാഗത്താണ് നിള പാർക്ക്. അമൃത് പദ്ധതിയിലുൾപ്പെടുത്തി 37 ലക്ഷം രൂപയ്ക്കാണ് പാർക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ഗാർഡ് റൂം, ചുറ്റുമതിൽ, കുട്ടികളുടെ കളിയുപകരണങ്ങൾ എന്നിവയുൾപ്പടെയാണ് പാർക്കിന്റെ നിർമാണം പുരോഗമിക്കുന്നത്. തദ്ദേശ വാസികൾക്ക് ഒന്നിച്ചു കൂടുവാനും, സാംസ്കാരിക പരിപാടികൾ നടത്തുവാനായി സ്റ്റേജും ഇതോടൊപ്പം നിർമിക്കുന്നുണ്ട്. കുട്ടികൾക്കുള്ള കളിയുപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി മാത്രമാണ് ഇനി പൂർത്തിയാക്കുവാനുള്ളത്.



കണ്ണൂർ നഗരസഭ

ചേലോറ പാർക്ക് ഉദ്ഘാടനത്തിന് തയ്യാറാകുന്നു

കണ്ണൂർ കോർപ്പറേഷന്റെ മാലിന്യം നിക്ഷേപിച്ചിരുന്ന ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ട് മുഖം മിനുക്കുന്നു. 23 ഏക്കർ ട്രഞ്ചിംഗ് ഗ്രൗണ്ടിലെ 3 ഏക്കറോളം വരുന്ന സ്ഥലം നവീകരിച്ച് ആധുനിക സംവിധാനങ്ങളോടു കൂടിയ പാർക്കിന്റെ നിർമാണം പൂർത്തീകരിച്ചു; പുതുവർഷത്തിൽ പാർക്ക് പൊതുജനങ്ങൾ തുറന്ന് കൊടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അപൂർവ്വമായ ഔഷധ സസ്യങ്ങളുൾപ്പെടുന്ന പ്രദേശത്തിന്റെ തനത് ആവസവ്യവസ്ഥയ്ക്ക് ആഘാതം ഏൽപിക്കാത്ത രീതിയിൽ തീർത്തും പരിസ്ഥിതി സൗഹാർദ്ദമായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കുട്ടികൾക്കും പ്രായമായവർക്കും അംഗപരിമിതർക്കും ഉപയോഗിക്കാൻ കഴിയുന്ന രീതിയിലാണ് നടപ്പാതകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

നടപ്പാതകൾ, ആംഫി തീയറ്റർ, കുട്ടികൾക്കായുള്ള ട്രാഫിക് പാർക്കുകൾ, ഔഷധ സസ്യങ്ങളുടെ ശേഖരം ഉൾപ്പടെയുള്ള സംവിധാനങ്ങളാണ് പാർക്കിൽ ഒരുക്കിയിരിക്കുന്നത്. നവീകരണ പ്രവർത്തനങ്ങൾക്കായി 1.5 കോടി രൂപയാണ് ചെലവഴിച്ചാണ് നിർമാണ പ്രവർത്തികൾ പൂർത്തീകരിച്ചു വരുന്നത്.

വൈദ്യുതീകരണം പൂർത്തിയാക്കിയതിനാൽ രാത്രി കാലങ്ങളിൽ പാർക്ക് അതിമനോഹരമാണ്. പെയിന്റിംഗ് ജോലികളും, ട്രാഫിക് പാർക്കിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കുന്ന ജോലിയുമാണ് അവശേഷിക്കുന്നത്.

റുക്സാന എ.എസ്.

" മികച്ച അനുഭവ പരിചയമുള്ള ഉദ്യോഗസ്ഥ രോടൊപ്പമുള്ള പ്രവർത്തനം എന്റെ സാങ്കേതിക പരിജ്ഞാനം മെച്ചപ്പെടുത്തുകയും വർദ്ധിപ്പിക്കുകയും ചെയ്തു. അറിവ് പൂർണ്ണതയിലെത്തുന്നത് അനുഭവ പാഠങ്ങളിൽ നിന്നാണ്.

കേന്ദ്ര സർക്കാരിന്റെ ടുലിപ് ഇന്റേൺഷിപ്പിന്റെ ഭാഗമായി സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റായ അമൃത് കേരളയിൽ ഐ.ടി. & ഇ-ഗവേണൻസ് ഇന്റേണായി പ്രവർത്തിക്കുകയാണ് ഞാൻ. അക്കാദമിക് തലത്തിലെ അറിവിൽ നിന്ന് വളരെ വേറിട്ടൊരു അനുഭവവും പ്രായോഗിക അറിവും എനിക്കീ ഇന്റേൺഷിപ്പിലൂടെ നേടാനായി. അമൃത് കേരളയുടെ സൈറ്റ് മോണിറ്ററിംഗും അപ്ഡേഷനുമാണ് എന്റെ പ്രധാന കർത്തവ്യങ്ങളിലുള്ളത്. അതിലൂടെ തന്നെ ഒരു സൈറ്റിന്റെ നിർമാണവും പ്രവർത്തനവും എനിക്ക് മനസ്സിലാക്കുവാൻ സാധിച്ചു.

മികച്ച അനുഭവ പരിചയമുള്ള ഉദ്യോഗസ്ഥരോടൊപ്പമുള്ള പ്രവർത്തനം എന്റെ സാങ്കേതിക പരിജ്ഞാനം മെച്ചപ്പെടുത്തുകയും വർദ്ധിപ്പിക്കുകയും ചെയ്തു. അറിവ് പൂർണ്ണതയിലെത്തുന്നത് അനുഭവ പാഠങ്ങളിൽ നിന്നാണ്. അതിനാൽ തന്നെ പുതിയ കാര്യങ്ങൾ പഠിക്കാനും ഒരുപാട് അനുഭവങ്ങൾ നേടാനും അവസരം നൽകിയ ടുലിപ് ഇന്റേൺഷിപ്പിനും അമൃതിനും നന്ദി രേഖപ്പെടുത്തുന്നു. അതിനോടൊപ്പം തന്നെ എന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വവും നിർദ്ദേശങ്ങളും നൽകിയ മിഷൻ ഡയറക്ടർ ഡോ. രേണു രാജ് ഐ.എ.എസ്. മാഡത്തിനും ഡെപ്യൂട്ടി മിഷൻ ഡയറക്ടർ ശ്രീ. ചാൾസ് സാറിനും ഓരോ അവസരത്തിലും പുതിയ കാര്യങ്ങൾ പഠിക്കാൻ എനിക്ക് പ്രചോദനം നൽകിയ എസ്എം.എം.യു. എക്സപർട്ടുകൾക്കും ഈ അവസരത്തിൽ ഞാൻ എന്റെ നന്ദി രേഖപ്പെടുത്തുന്നു.

കേന്ദ്ര സർക്കാരിന്റെ ടുലിപ് ഇന്റേൺഷിപ്പ് വഴിയാണ് അമൃത് പദ്ധതിയിൽ മുനിസിപ്പൽ ഫിനാൻസ് ഇന്റേണായി പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിച്ചത്. ബി.കോം ബിരുദധാരിയായ എനിക്ക് ഫിനാൻസ് മേഖലയിൽ അക്കാദമിക് പരിജ്ഞാനം മാത്രമെ ഉണ്ടായിരുന്നുള്ളൂ. ഒരു മികച്ച അവസരത്തിനായി ധാരാളം പ്രതിസന്ധികൾ നേരിടുന്നതിനിടയിലാണ് കണ്ണൂർ കോർപ്പറേഷനിൽ ഇന്റേണായി തിരഞ്ഞെടുക്കപ്പെട്ടത്.

ഫിനാൻസ് രംഗത്തെ പ്രായോഗിക അറിവ് ഈ ഇന്റേൺഷിപ്പിലൂടെ എനിക്ക് നേടാൻ സാധിച്ചു. കോർപ്പറേഷനിലെ ധനപരമായ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ എനിക്ക് അവസരം ലഭിച്ചു. ടി.ഡി.എസ്., ബാങ്ക് സ്റ്റേറ്റ്മെന്റ് ചെക്കിംഗ്, ധന വിനിയോഗ സർട്ടിഫിക്കറ്റ് തയ്യാറാക്കൽ തുടങ്ങി ധാരാളം കാര്യങ്ങളിൽ പ്രായോഗിക അറിവ് ലഭിച്ചു. ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലൂടെ ഫിനാൻസ് മേഖലയുടെ മികച്ച സാധ്യതകൾ മനസ്സിലാക്കാൻ സാധിച്ചു. ഈ മേഖലയിൽ ഏറെ പ്രവൃത്തി പരിചയമുള്ള ഉദ്യോഗസ്ഥരോടൊപ്പം പ്രവർത്തിക്കാൻ സാധിച്ചു. എന്റെ ജീവിതത്തിലെ മികച്ച ഒരു ചുവട് വെയ്പ്പായി ഈ ഇന്റേൺഷിപ്പിനെ ഞാൻ കണക്കാക്കുന്നു.

മുഹമ്മദ് ഫഹീം സി.പി.

" കോർപ്പറേഷനിലെ ധനപരമായ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ എനിക്ക് അവസരം ലഭിച്ചു. ടി.ഡി.എസ്.,ബാങ്ക് സ്റ്റേറ്റ്മെന്റ് ചെക്കിംഗ്, ധന വിനിയോഗ സർട്ടിഫിക്കറ്റ് തയ്യാറാക്കൽ തുടങ്ങി ധാരാളം കാര്യങ്ങളിൽ പ്രായോഗിക അറിവ് ലഭിച്ചു.

അമൃത് പദ്ധതി സൂചിക (30.11.2021 പ്രകാരം)

കേരളം
2357.69 കോടി രൂപയുടെ 1002 പദ്ധതികൾ
2379.40 കോടി രൂപയുടെ 1002 പദ്ധതികൾക്ക് ഭരണാനുമതി
2262.32 കോടി രൂപയുടെ 1001 പദ്ധതികൾക്ക് സാങ്കേതികാനുമതി
2249.70 കോടി രൂപയുടെ 998പദ്ധതികൾ ടെന്റർ ചെയ്തു
2007.88 കോടി രൂപയുടെ 984 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
752 പദ്ധതികൾ പൂർത്തീകരിച്ചു. 1252.79 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

തിരുവനന്തപുരം
357.50 കോടി രൂപയുടെ 270 പദ്ധതികൾ
360.12 കോടി രൂപയുടെ 270 പദ്ധതികൾക്ക് ഭരണാനുമതി
331.24 കോടി രൂപയുടെ 270 പദ്ധതികൾക്ക് സാങ്കേതികാനുമതി
331.24 കോടി രൂപയുടെ 270 പദ്ധതികൾ ടെന്റർ ചെയ്തു
323.21 കോടി രൂപയുടെ 266 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
230 പദ്ധതികൾ പൂർത്തീകരിച്ചു. 207.91 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

കൊല്ലം
253.45 കോടി രൂപയുടെ 59 പദ്ധതികൾ
300.40 കോടി രൂപയുടെ 59 പദ്ധതികൾക്ക് ഭരണാനുമതി
287.66 കോടി രൂപയുടെ 59 പദ്ധതികൾക്ക് സാങ്കേതികാനുമതി
287.66 കോടി രൂപയുടെ 59 പദ്ധതികൾ ടെന്റർ ചെയ്തു
175.51 കോടി രൂപയുടെ 55 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
40 പദ്ധതികൾ പൂർത്തീകരിച്ചു. 70.40 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

ആലപ്പുഴ
222.70 കോടി രൂപയുടെ 195 പദ്ധതികൾ
219.68 കോടി രൂപയുടെ 195 പദ്ധതികൾക്ക് ഭരണാനുമതി
218.10 കോടി രൂപയുടെ 195 പദ്ധതികൾക്ക് സാങ്കേതികാനുമതി
214.62 കോടി രൂപയുടെ 192 പദ്ധതികൾ ടെന്റർ ചെയ്തു
212.97 കോടി രൂപയുടെ 191 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
141പദ്ധതികൾ പൂർത്തീകരിച്ചു. 169.31 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

കൊച്ചി
328.78 കോടി രൂപയുടെ 98 പദ്ധതികൾ
272.06 കോടി രൂപയുടെ 98 പദ്ധതികൾക്ക് ഭരണാനുമതി
264.46 കോടി രൂപയുടെ 98 പദ്ധതികൾക്ക് സാങ്കേതികാനുമതി
264.46 കോടി രൂപയുടെ 98 പദ്ധതികൾ ടെന്റർ ചെയ്തു
216.23 കോടി രൂപയുടെ 95 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
77 പദ്ധതികൾ പൂർത്തീകരിച്ചു. 140.05 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

തൃശ്ശൂർ
269.93 കോടി രൂപയുടെ 109 പദ്ധതികൾ
259.62 കോടി രൂപയുടെ 109 പദ്ധതികൾക്ക് ഭരണാനുമതി
238.05 കോടി രൂപയുടെ 108 പദ്ധതികൾക്ക് സാങ്കേതികാനുമതി
238.05 കോടി രൂപയുടെ 108 പദ്ധതികൾ ടെന്റർ ചെയ്തു
191.75 കോടി രൂപയുടെ 107 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
78 പദ്ധതികൾ പൂർത്തീകരിച്ചു. 130.98 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

ഗുരുവായൂർ
203.10 കോടി രൂപയുടെ 33 പദ്ധതികൾ
213.71 കോടി രൂപയുടെ 33 പദ്ധതികൾക്ക് ഭരണാനുമതി
213.71 കോടി രൂപയുടെ 33 പദ്ധതികൾക്ക് സാങ്കേതികാനുമതി
213.71 കോടി രൂപയുടെ 33 പദ്ധതികൾ ടെന്റർ ചെയ്തു
213.71 കോടി രൂപയുടെ 33 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
12 പദ്ധതികൾ പൂർത്തീകരിച്ചു. 137.21 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

പാലക്കാട്
221.75 കോടി രൂപയുടെ 150 പദ്ധതികൾ
220.02 കോടി രൂപയുടെ 150 പദ്ധതികൾക്ക് ഭരണാനുമതി
202.11 കോടി രൂപയുടെ 150 പദ്ധതികൾക്ക് സാങ്കേതികാനുമതി
198.32 കോടി രൂപയുടെ 150 പദ്ധതികൾ ടെന്റർ ചെയ്തു
174.66 കോടി രൂപയുടെ 149 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
106 പദ്ധതികൾ പൂർത്തീകരിച്ചു. 136.50 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

കോഴിക്കോട്
274.76 കോടി രൂപയുടെ 50 പദ്ധതികൾ
308.14 കോടി രൂപയുടെ 50 പദ്ധതികൾക്ക് ഭരണാനുമതി
307.46 കോടി രൂപയുടെ 50 പദ്ധതികൾക്ക് സാങ്കേതികാനുമതി
302.23 കോടി രൂപയുടെ 50 പദ്ധതികൾ ടെന്റർ ചെയ്തു
302.23 കോടി രൂപയുടെ 50 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
44 പദ്ധതികൾ പൂർത്തീകരിച്ചു. 118.48കോടി രൂപ നാളിതുവരെ ചെലവഴിച്ചു

കണ്ണൂർ
225.72 കോടി രൂപയുടെ 38 പദ്ധതികൾ
225.65 കോടി രൂപയുടെ 38 പദ്ധതികൾക്ക് ഭരണാനുമതി
199.54 കോടി രൂപയുടെ 38 പദ്ധതികൾക്ക് സാങ്കേതികാനുമതി
199.42 കോടി രൂപയുടെ 38 പദ്ധതികൾ ടെന്റർ ചെയ്തു
197.61 കോടി രൂപയുടെ 38 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
24 പദ്ധതികൾ പൂർത്തീകരിച്ചു. 141.96 കോടി രൂപ നാളിതുവരെ ചെലവഴിച്ചു



Printed and Published by State Mission Management Unit, AMRUT, Local Self Government Department, Government of Kerala, 4th Floor, Meenakshi Plaza, Artech Building, Opp. Govt. Hospital for Women & Children, Thycaud Thiruvananthapuram - 695014